കേരളഭൂഷണം

02 July 2017

# കടൽ സമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതിന് സിഎംഎഫ്ആർഐയുടെ കർമ്മപദ്ധതി

കൊച്ചി: കടൽ സമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതിനും സമുദ്ര ആവാസവ്യവസ്ഥയുടെശരിയായ പരിപാലനത്തിനുംദേശീയതലത്തിൽ കർമ്മ പദ്ധതി വരുന്നു.

നീതി ആയോഗിന്റെ നിർദ്ദേശത്തോടെകേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വേൾഡ്വൈൽഡ്ലൈഫ് ഫണ്ട് ഇന്ത്യയുടെ സഹകരണത്തോടെയാണ് കർമ്മപദ്ധതി തയ്യാറാക്കുന്നത്.

കടൽ സമ്പത്തിന്റെസുസ്ഥിരമായ വിനിയോഗത്തിലൂടെ സമുദ്ര ആവാസവ്യവസ്ഥയെ പരിക്കേൽക്കാതെ സംരക്ഷിക്കുകയും അതുവഴി 'ബ്ലൂ ഇക്കോണമി' വികസിപ്പിക്കുകയുമാണ് കർമ്മപദ്ധതിയുടെ ലക്ഷ്യം.

കടൽ സമ്പത്ത് ഉപയോഗിക്കുന്നതിനുള്ള സുസ്ഥിരമായ പരിപാലന മാതൃകകൾ, ചെറുകിട മത്സ്യബന്ധന മേഖല ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ, അമിതമത്സ്യബന്ധനം, തീരദേശ മലിനീകരണംഎന്നിവ തടയുന്നതിനുള്ള വഴികൾ, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനം സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തുടങ്ങിയവ കർമ്മപദ്ധതിയിലുണ്ടാകും.

ഐക്യരാഷ്ട്രസഭ തയ്യാറാക്കിയസുസ്ഥിര വികസന ലക്ഷ്യങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് സമുദ്രവിഭവവുമായി ബന്ധപ്പെട്ട കർമ്മപദ്ധതി സിഎംഎഫ്ആർഐ തയ്യാറാക്കുന്നത് .കർമ്മപദ്ധതി തയ്യാറാക്കുന്നതിനായി, നീതി ആയോഗ്, വേൾഡ്വൈൽഡ്ലൈഫ് ഫണ്ട് ഇന്ത്യ എന്നിവയുമായി സഹകരിച്ച് ദേശീയതലത്തിൽദ്വിദിന വിദഗ്ധ സംഗമം നാലിനും അഞ്ചിനും സിഎംഎഫ്ആർഐയിൽ നടക്കും.

എല്ലാ തീരദേശ സംസ്ഥാനങ്ങളിൽ നിന്നും പ്രതിനിധികൾ സംഗമത്തിൽ പങ്കെടുക്കും.

ബന്ധപ്പെട്ട കേന്ദ്രമന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥർ, സമുദ്രശാസ്ത്രജ്ഞർ, പരിസ്ഥിതിവിദഗ്ധർ, വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ്, വനം, പരിസ്ഥിതി,

തീരദേശ പരിപാലനം, വ്യവസായം, സമുദ്രവികസനം തുടങ്ങിയ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സംഗമത്തിൽ പങ്കെടുക്കും.

രണ്ടുദിവസത്തെ ചർച്ച
ലൂടെ കർമ്മപദ്ധതിയുടെ ക
ഈ മാസം അഞ്ചിന് തയ്യ
കും.

ഇന്ത്യയുടെ പരിധിയിൽ
രുന്ന സമുദ്രവിഭവങ്ങൾ
യോഗിക്കുന്നതുമായി ബന്ധ
ട്ട ഈ കർമ്മ പദ്ധതി രാജ്യ
ന്റെതുടർ നയരൂപീകരണ
ളിൽ നിർണായകമാകും.

നീതി ആയോഗ് മെം
ഡോ രമേശ് ചന്ദ്, നീതി ആ
ഗ് ഉപദേശകൻ ഡോ അശേ
ജെയിൻ, വേൾഡ് വൈൽ
ലൈഫ് ഫണ്ട്ഇന്ത്യ പ്രോഗ്ര
ഡയറക്ടർ സേജൽ വോറ എ
വർ ചർച്ചകൾക്ക് നേതൃ
നൽകും.